"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്-ജീവനക്കാര്യം-പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി.കമീല വിൻസെന്റ് -ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2025/F&CS തീയതി,തിരുവനന്തപുരം, 27-03-2025

---

പരാമർശം:-
1. 24/05/2010 തീയതിയിലെ G.O.(Ms) No.10/10/F&CSD നമ്പർ ഉത്തരവ്
2. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04/09/2023 തീയതിയിലെ CCS/1098/2023-B1 നമ്പർ നടപടിക്രമം.
3. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 23/10/2023 തീയതിയിലെ CCS/6693/2023-B1 നമ്പർ നടപടിക്രമം.
4. ശ്രീമതി.കമീലാ വിൻസെന്റ് 15/02/2024 തീയതിയിൽ ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി മുൻപാകെ സമർപ്പിച്ച ഹർജി.
5. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 08/05/2024 തീയതിയിലെ CCS/3015/2024-B1 നമ്പർ കത്ത്.
6. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 08.10.2024 തീയതിയിലെ A8-2/6/2019-KPSC-Part(1)നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പരാമർശം (1) ഉത്തരവനുസരിച്ച് ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിൽ 14/06/2010 മുതൽ സേവനമനുഷ്ഠിച്ചു വന്ന

ശ്രീമതി.കമീല വിൻസന്റ് 03/09/2013 മുതൽ 03/09/2023 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. ടി ശൂന്യവേതനാവധിക്ക് ശേഷം ടിയാൾ 04/09/2023-ൽ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയും, പരാമർശം (2) പ്രകാരം ടിയാളെ ജോലിയിൽ പ്രവേശിപ്പിച്ച് തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകി ഉത്തരവാകുകയും ചെയ്തു. ശ്രീമതി.കമീല വിൻസെന്റ് രോഗാവസ്ഥയിൽ ആയിരുന്ന ടിയാളുടെ ഭർതൃമാതാവിനെ പരിചരിക്കുന്നതിനായി 05/09/2023-ൽ സ്വമേധയാ രാജി സമർപ്പിക്കുകയും, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് നിയമങ്ങളിലെ റൂൾ 33 പ്രകാരം ടിയാളുടെ രാജി 05/09/2023 പ്രാബല്യത്തിൽ സ്വീകരിച്ച് സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു.

2) ശ്രീമതി.കമീല വിൻസെന്റിന്റെ ഏക ആശ്രയമായിരുന്ന ഭർതൃമാതാവ് 25/11/2023-ൽ മരണപ്പെട്ടുവെന്നും, ആയതിനാൽ നിലവിലെ ദയനീയ സാഹചര്യം പരിഗണിച്ച് മാനുഷിക പരിഗണന നൽകി രാജി മാപ്പാക്കി ക്ലറിക്കൽ തസ്തികയിലെ ജോലിയിൽ തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ടിയാൾ പരാമർശം (4) പ്രകാരം ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി മുൻപാകെ ഹർജി സമർപ്പിച്ചിരുന്നു. ശ്രീമതി.കമീല വിൻസെന്റ് സ്വമേധയാ സമർപ്പിച്ച രാജി സ്വീകരിച്ച് ചട്ട പ്രകാരം സർവ്വീസിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതിനാൽ രാജി മാപ്പാക്കി സർവ്വീസിൽ തിരിച്ചെടുക്കണമെന്ന ടിയാളുടെ അപേക്ഷയിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്നും ടിയാളെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയാൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് വകപ്പു തലത്തിൽ മറ്റ് തടസ്സങ്ങളില്ല എന്നും പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ പരാമർശം (5) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

3)പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളെ ബാധിക്കാത്ത വിധം ശ്രീമതി.കമീല വിൻസെന്റിന് പുനർനിയമനം നൽകുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് പരാമർശം (6) പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷൻ ഉപദേശം നൽകിയിട്ടുണ്ട്.

4)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.കമീല വിൻസെന്റിന്, മാനുഷിക പരിഗണന നൽകി പ്രത്യേക കേസായി പരിഗണിച്ച്, കെ.എസ്.ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം- 1 (d), സർക്കാർ തീരുമാനം- 2 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ പുനർനിയമനം നൽകി

ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

1. ശ്രീമതി.കമീല വിൻസെന്റ്, TC 11/546, ഷിബു വിഹാർ, MBC-20, മ്യൂസിയം ബേയ്ൻസ് കോംപൗണ്ട്, കവടിയാർ.പി.ഒ., തിരുവനന്തപുരം-695003.
2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. പൊതുഭരണ (എസ്.സി) വകുപ്പ് (മന്ത്രിസഭാ യോഗതീരുമാനത്തിന്റെ ഇനം നം...... പ്രകാരം).
5. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (Advice-B) വകുപ്പ് (23/05/2024-ലെ ADV-B1/117/2024-PandARD പ്രകാരം)
6. ധനകാര്യ (അഗ്രി ബി) വകുപ്പ് (25/06/2024-ലെ Agri-B2/162/2024-FIN (2802387) പ്രകാരം)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (FCSD-A2./66/2024-FCSD)

ഉത്തരവിൻ പ്രകാരം

Signed by Veena V
Date: 28-03-2025 12:28:01
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1) ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2) ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3) ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-03-2025

ഫയൽ നം. ഭ.പൊ.വി.വ.-എ2/66/2024/ഭ.പൊ.വി.വ. ഇനം നം: 2791

വിഷയം : ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി. കമീല വിൻസെന്റിന്റെ രാജി മാപ്പാക്കി പുനർനിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

2791

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | ഭ.പൊ.വി.വ-എ 2/66/2024-ഭ.പൊ.വി.വ |
| 2) | വകുപ്പ് | ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പ് |
| 3) | വിഷയം | പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി.കമീല വിൻസെന്റിന്റെ രാജി മാപ്പാക്കി പുനർനിയമനം നൽകുന്നത് സംബന്ധിച്ച്. |
| 4) | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | 25/02/2025 |
| 5) | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ആണ്.<br>ധനകാര്യവകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്തിയിട്ടുണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവരുടെ അഭിപ്രായം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | എസ്.പ്രവീൺ |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. അജിത് കുമാർ |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 07/03/2025 |
| 10) | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 15/03/2025 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ജി.ആർ.അനിൽ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 15/03/2025 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 17/03/2025 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിലെ ക്ലാർക്കായിരുന്ന ശ്രീമതി.കമീല വിൻസെന്റിന്റെ രാജി മാപ്പാക്കി പുനർനിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.
2. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് ആയി നിയമനം ലഭിച്ച് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ കാര്യാലയത്തിൽ 14/06/2010 മുതൽ സേവനമനുഷ്ഠിച്ചു വന്ന ശ്രീമതി.കമീല വിൻസന്റ് 03/09/2013 മുതൽ 03/09/2023 വരെ ശൂന്യവേതനാവധിയിൽ ആയിരുന്നു. ടി ശൂന്യവേതനാവധിക്ക് ശേഷം ടിയാൾ 04.09.2023-ൽ ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യുകയും തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകി ഉത്തരവാകുകയും ചെയ്തു. എന്നാൽ രോഗാവസ്ഥയിൽ ആയിരുന്ന ടിയാളുടെ ഭർത്താവിന്റെ അമ്മയെ പരിചരിക്കുന്നതിനായി ശ്രീമതി.കമീല വിൻസെന്റ് 05.09.2023-ൽ സ്വമേധയാ രാജി സമർപ്പിക്കുകയും, 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് നിയമങ്ങളിലെ റൂൾ 33 പ്രകാരം ടിയാരിയുടെ രാജി 05.09.2023 പ്രാബല്യത്തിൽ സ്വീകരിച്ച് സേവനത്തിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവാകുകയും ചെയ്തു.
3. ശ്രീമതി.കമീല വിൻസെന്റിന്റെ ഏക ആശ്രയമായിരുന്ന ഭർതൃമാതാവ് 25.11.2023-ൽ മരണപ്പെട്ടതിനാൽ നിലവിലെ സാഹചര്യം പരിഗണിച്ച് മാനുഷിക പരിഗണന നൽകി തന്റെ രാജി മാപ്പാക്കി ക്ലറിക്കൽ തസ്തികയിലെ ജോലിയിൽ തിരിച്ചെടുക്കുന്നതിനായി ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നു.
4. ശ്രീമതി.കമീല വിൻസെന്റ് സ്വമേധയാ സമർപ്പിച്ച രാജി സ്വീകരിച്ച് ചട്ട പ്രകാരം സർവ്വീസിൽ നിന്നും വിടുതൽ ചെയ്തിട്ടുള്ളതിനാൽ ടിയാളുടെ രാജി മാപ്പാക്കി സർവീസിൽ തിരിച്ചെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയാൽ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകുന്നതിന് മറ്റ് തടസ്സങ്ങളില്ല എന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചിട്ടുണ്ട്.
5. ഈ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു:

"സർവീസിൽ നിന്ന് രാജിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്&എസ്.എസ്. ആർ. ഭാഗം II, ചട്ടം 33-ൽ പ്രതിപാദിക്കുന്നുണ്ടെങ്കിലും രാജി

പിൻവലിക്കുന്നതിനെ സംബന്ധിച്ചും ഇപ്രകാരം പിൻവലിച്ചതിനെ തുടർന്ന് സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുമ്പോൾ സർവ്വീസിൽ നിന്ന് വിട്ട് നിന്ന കാലയളവ് എപ്രകാരം ക്രമീകരിക്കണം എന്നത് സംബന്ധിച്ചും കൂടുതൽ വിശദമായ വ്യവസ്ഥകൾ കെ എസ് ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള Government decision number 1, Government decision number 2 എന്നിവയിൽ പരാമർശിച്ചിട്ടുണ്ട്. ആയതിനാൽ പ്രതിപാദ്യവിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടി ഭരണ വകുപ്പിന് തുടർ നടപടി സ്വീകരിക്കാവുന്നതാണ്."

6. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു: "കെ.എസ്.ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം- 1 (d), സർക്കാർ തീരുമാനം- 2 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി പബ്ലിക് സർവീസ് കമ്മീഷന്റെ അനുമതിയോടുകൂടി ശ്രീമതി. കമീല വിൻസെന്റിന് സർവീസിൽ പുനർനിയമനം നൽകുന്നതിന് ധനവകുപ്പിന് വിയോജിപ്പില്ല."
7. ഈ വിഷയത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ചുവടെ ചേർക്കുന്നു: "പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളെ ബാധിക്കാത്ത വിധം ശ്രീമതി.കമീല വിൻസെന്റിന് പുനർനിയമനം നൽകുന്നതിന് സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് അറിയിക്കുന്നു."
8. ശ്രീമതി.കമീല വിൻസെന്റ് സ്വമേധയാ ജോലി രാജിവയ്ക്കുന്നതിനു അപേക്ഷ സമർപ്പിക്കുകയും ടിയാളുടെ രാജി അംഗീകരിച്ചുകൊണ്ട് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ഉത്തരവാകുകയും ചെയ്ത സാഹചര്യത്തിൽ നിലവിലുള്ള നിയമപ്രകാരം പുനർനിയമനം സാധ്യമല്ല. എന്നിരുന്നാലും ടിയാളുടെ പരിതാപകരമായ അവസ്ഥ പരിഗണിച്ച്, ഒരു പ്രത്യേക കേസ് എന്ന നിലയിൽ ക്യാബിനറ്റ് തീരുമാനപ്രകാരം പുനർനിയമനം നല്കാവുന്നതാണോ എന്ന കാര്യത്തിൽ ഉത്തരവിനായി ബഹു.ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ കുറിപ്പോടെ ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ബഹു.മുഖ്യമന്ത്രി ചുവടെ പറയും പ്രകാരം ഉത്തരവായിരുന്നു:

   "KSR ചട്ടം 23 (d) പ്രകാരം രാജി പിൻവലിക്കാൻ വ്യവസ്ഥയുള്ളതിനാലും, PSC-യും ധനകാര്യവകുപ്പും P&ARD-യും അനുകൂല അഭിപ്രായം നൽകിയ സാഹചര്യത്തിലും, നിബന്ധനകൾക്ക് വിധേയമായി അനുമതിനല്കാൻ മന്ത്രിസഭയുടെ അനുമതി തേടേണ്ടതുണ്ടോയെന്ന കാര്യത്തിൽ ചീഫ് സെക്രട്ടറി

കണ്ട് സമർപ്പിക്കുക."

9. ഈ വിഷയത്തിൽ ചീഫ് സെക്രട്ടറി ചുവടെ ചേർക്കുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി:
"കെ.എസ്.ആർ. ഭാഗം I ചട്ടം 23 പ്രകാരം രാജി പിൻവലിച്ച് നിയമനം നൽകുമ്പോൾ അത് പുനർനിയമനമാണ്. റൂൾസ് ഓഫ് ബിസിനസിലെ ചട്ടം. 45 പ്രകാരം പുനർനിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണ്. അതിനാൽ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്. ഉത്തരവിനായി ബഹു.മുഖ്യമന്ത്രി കണ്ടാലും."

10. തുടർന്ന് ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ 'മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ ക്ലാർക്കായിരിക്കെ രാജി സമർപ്പിച്ച ശ്രീമതി കമീല വിൻസെന്റിന്റെ ക്ലാർക്ക് തസ്തികയിൽ പുനർനിയമനത്തിനുള്ള അപേക്ഷയിൽ, മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിച്ച്, കെ.എസ്.ആർ ഭാഗം I ചട്ടം 23 ന് താഴെയുള്ള സർക്കാർ തീരുമാനം- 1 (d), സർക്കാർ തീരുമാനം- 2 എന്നിവയിലെ നിബന്ധനകൾക്ക് വിധേയമായി, ശ്രീമതി കമീല വിൻസെന്റ് ന് ക്ലാർക്ക് തസ്തികയിൽ പുനർനിയമനം അനുവദിച്ച് നൽകാമോ?